"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹു. കൊല്ലം എം.എ.സി.റ്റി -യുടെ ഒ.പി (എം.വി) 456/2006 നമ്പർ വ്യവഹാരത്തിന്റെ വിധി തുക ഉയർത്തുന്നതിനായി പെറ്റീഷണർ ശ്രീമതി. ലീല ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത എം എ സി എ 71/2014 നമ്പർ വ്യവഹാരത്തിന്റെ വിധി പ്രകാരം തുക കെട്ടിവയ്ക്കുന്നതിനുള്ള സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.2637/2025/ധന** **തീയതി, തിരുവനന്തപുരം, 19-03-2025**

പരാമർശം :-
1. ബഹു കൊല്ലം എം.എ.സി.റ്റി മുമ്പാകെയുണ്ടായിരുന്ന ഒ.പി (എം.വി) 456/2006 നമ്പർ വ്യവഹാരത്തിന്റെ 25/03/2011 -ലെ വിധി.
2. സ.ഉ. (സാധാ) നം.7244/2011/ധന തീയതി 28/09/2011
3. ബഹു . കേരള ഹൈക്കോടതി യുടെ എം എ സിഎ 71/2014 നമ്പർ വ്യവഹാരത്തിന്റെ 15/01/2025-ലെ വിധി
4. 14/02/2025 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ കെ.എസ്.ഐ.ഡി/ സ്യൂട്ട്/എസ് 1/എം എ സി എ 71/14 നമ്പർ കത്ത്

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-01-AE-4235 എന്ന രജിസ്റ്റർ നമ്പരിലുള്ള വാഹനം 07/11/2005 -ൽ അപകടത്തിൽപ്പെടുകയും വിശ്വംഭരൻ എന്നയാൾ മരണപ്പെടുകയും ചെയ്തു. ടിയാളുടെ അനന്തരാവകാശികൾ വകുപ്പിനെ മൂന്നാം എതിർ കക്ഷിയാക്കി ബഹു. കൊല്ലം എം.എ.സി.റ്റി മുമ്പാകെ ഒ.പി (എം.വി) 456/2006 നമ്പറായി നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. കൊല്ലം എം.എ.സി.റ്റി യുടെ പരാമർശം 1 ഉത്തരവിൽ 5,10,300/- രൂപ 7.5% പലിശ നിരക്കിൽ പെറ്റീഷൻ തീയതിയായ 31/05/2006 മുതൽ നൽകുവാനും 5,356/- രൂപ കോടതി ചെലവിനത്തിൽ നൽകുവാനും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 ഉത്തരവ് പ്രകാരം വകുപ്പ് പ്രസ്തുത തുക ഹർജിക്കാർക്കു നൽകുകയുണ്ടായി. എന്നാൽ നഷ്ടപരിഹാര തുക ഉയർത്തുന്നതിലേയ്ക്കായി പെറ്റീഷണറായ ശ്രീമതി. ലീല ബഹു. കേരള ഹൈക്കോടതിയിൽ എം എ സിഎ 71/2014 നമ്പരായി അപ്പീൽ ഫയൽ ചെയ്യുകയും, ബഹു. കേരള ഹൈക്കോടതി -യുടെ പരാമർശം 3 ലെ വിധി പ്രകാരം 10,96,742 രൂപയ്ക്ക് അർഹതയുണ്ടെന്നും പരാമർശം 2 പ്രകാരം അനുവദിച്ചിരുന്ന തുക കിഴിച്ച് ബാക്കി തുകയായ 5,86,442/- രൂപ 8% പലിശ ഉൾപ്പടെ അനുവദിക്കുന്നതിനുമാണ് ഉത്തരവായിട്ടുള്ളത്. വർദ്ധിപ്പിച്ച തുകയും ആനുപാതിക പലിശയും പരാതിക്കാർക്ക് കെട്ടിവയ്ക്കുന്നതിന് അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹു. കേരള ഹൈക്കോടതി പരാമർശം 3 പ്രകാരം അനുവദിച്ച തുകയിൽ നിന്നും പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരം വകുപ്പ് കെട്ടിവയ്ച്ച തുക കിഴിച്ച് ശേഷിക്കുന്ന തുകയായ 5,86,442/- രൂപയും (അഞ്ച് ലക്ഷത്തി എൺപ്പത്താറായിരത്തി നാന്നൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം) 8% പലിശയുമടക്കം പരാതിക്കാർക്ക് കെട്ടിവയ്ക്കുന്നതിനുള്ള അനുമതി ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105 - സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട് -98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ. 3064041/എസ്റ്റാ-ഡി3/10/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ